പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7557 — 17-7-2012-ൽ മറുപടിക്ക്

കെട്ടിട നമ്പർ നൽകുന്ന നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാജു: | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രമാണത്തിൽ പാടമെന്ന് രേഖപ്പെടുത്തിയിട്ടുള്ള കരഭൂമിയിൽ ചെറിയ വീടുകൾ നിർമ്മിക്കുന്നതിന് നിലവിലെ നിയമ വ്യവസ്ഥ പ്രകാരം തടസ്സങ്ങൾ നിലനിൽക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ ; | ഉണ്ട്. |
| ബി) ഇത്തരം സ്ഥലങ്ങളിൽ ഇതിനകം നിർമ്മിച്ചിട്ടുള്ള വാസഗൃഹങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ കെട്ടിട നമ്പർ നൽകി അവയെ അംഗീകരിക്കുമോ ; | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത്, കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുന്നുണ്ട്. |
| സി) നിലവിൽ ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുമെന്ന് വ്യക്തമാക്കുമോ? | നിലവിൽ ഇതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ